**സാമൂഹിക സംവിധാനം അനീതി നിറഞ്ഞത് ആകുന്നതെങ്ങനെ എന്ന് അഴിമതിക്കെതിരെ സമരം ചെയ്യുന്ന ഗാന്ധിമതികൾ പരിശോധിക്കാൻ കൂട്ടാക്കണമെന്ന് എൻ.പി. ജോൺസൺ**

# ജീൻസും ഗാന്ധിത്തൊപ്പിയും

**ജനങ്ങളിൽ** നിന്ന് കപ്പം പിരിച്ചിരുന്ന എട്ടുവീട്ടിൽ പിള്ളമാർ അത് മഹാരാജാവിന്റെ ഭണ്ഡാരത്തിൽ എത്തിക്കുന്നില്ലെങ്കിൽ അതിനെ അഴിമതി എന്ന് വിശേഷിപ്പിക്കാം. പക്ഷെ, ഇവിടെ ചില സാധ്യതകൾ കൂടി പരിശോധിക്കാം.

1. മഹാ ധർമ്മിഷ്ഠനും ജനസേവകനുമാണ് രാജാവ്.
2. മറിച്ച്, മഹാ ധൂർത്തനും വിഷയലമ്പടനുമാണ്.
3. നികുതി പിരിവിൽ കർക്കശക്കാരും അതേസമയം രാജാവിന്റെ താത്പര്യാനുസരണം ജനക്ഷേമപ്രവർത്തനങ്ങളിൽ ജാഗരൂകരും ആണ് നികുതിപ്രഭുക്കൾ.
4. അല്ല, കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിമാരാണ്
5. കർശനമായ നികുതി പിരിവ് ജനവിരുദ്ധമാണെന്ന നിലപാടുള്ളതിനാൽ കേന്ദ്രസർക്കാരിന് ആവശ്യത്തിനു മാത്രം പിരിച്ചു കൊടുത്താൽ മതിയെന്ന് ചിന്തിക്കുന്ന ദയാലുക്കളും പ്രാദേശിക ജനായത്ത ഭരണസംവിധാനങ്ങൾ ഉണ്ടാകുന്നതിനെ മനസ്സുകൊണ്ട് പിന്തുണയ്ക്കുന്നവരുമാണ്.
6. ഏതു വിധേനയും നികുതി പിരിക്കുന്നതിന് മടിയില്ലാത്ത ക്രൂരന്മാരും പിരിച്ചതത്രയും സ്വന്തം ആസ്തികളും ആഡംബരങ്ങളുമാക്കി മാറ്റുന്നതിന് മടിയില്ലാത്ത സ്വാർത്ഥമതികളുമാണ്.
7. സിൽബന്തികളിലൂടെയും ദൈവപ്രതിപുരുഷന്മാരിലൂടെയും മര്യാദരാമന്മാർ എന്ന പേര് പ്രചരിപ്പിച്ച് നികുതി പിരിവു സുഗമമാക്കി സ്വന്തം ആസ്തികൾ പെരുപ്പിക്കുന്നതിൽ വിരുതുള്ളവരാണ്.

മേൽപ്പറഞ്ഞ സംഗതികൾ രാജഭരണതിന് മാത്രമല്ല, ആധുനിക ജനാധിപത്യ സംവിധാനങ്ങൾക്കും ബാധകമാണ്. നികുതി, അഴിമതി, വിലക്കയറ്റം തുടങ്ങിയവയെക്കുറിച്ചൊക്കെ ബേജാറിലാകുന്നതിന് മുൻപ് നമുക്ക് ചില സാധ്യതകൾ കൂടി പരിശോധിക്കാം.

8. നീചമായ ഹിംസകളിലൂടെ ഏറെ യുദ്ധങ്ങൾ വിജയിച്ച ആളാണ് രാജാവ്. കൊട്ടാര കലാപങ്ങളും അദ്ദേഹം നിർദ്ദാക്ഷിണ്യം അടിച്ചമർത്തി. കർശനമായ മതനിഷ്ഠകളുടെ പേരിലാണ് യുദ്ധങ്ങളത്രയും ന്യായീകരിക്കപ്പെട്ടത്. പക്ഷേ, അന്യമതസ്ഥരായ നികുതിപ്രഭുക്കന്മാരെ കാര്യമായി അലോസരപ്പെടുത്തിയില്ല. ഭരണം പൊതുവേ ജനോപകാരപ്രദമായിരുന്നു. ബ്രഹ്മചര്യനിഷ്ഠയോടെയായിരുന്നു ജീവിതം. വസ്ത്രങ്ങൾ സ്വയം തുന്നിയെടുത്തു. ഖുർ-ആൻ പകർത്തിയെഴുതിയാണ് സ്വന്തം ചെലവിന് പണം കണ്ടെത്തിയത്.
9. ലക്ഷം കോടി ഡോളർ ആസ്തിയുള്ള കമ്പ്യൂട്ടർ ബിസിനസ്സ് സാമ്രാജ്യത്തിന്റെ അധിപൻ - കട്ടൻ ചായയും പരിപ്പുവടയുമാണ് പ്രാതൽ! ഭക്ഷണം മുഖ്യമായും പച്ചക്കറികളും ധാന്യങ്ങളും. എക്കണോമി ക്ലാസ്സിലാണ് വിമാനയാത്ര. താമസം സുഹൃദ് ഭവനങ്ങളിലോ ചില വുകുറഞ്ഞ ഹോട്ടലുകളിലോ ഫാമിലി ക്വാർട്ടേഴ്സുകളിലോ മാത്രം.(അഥവാ നോൺ വെജിറ്റേറിയനാണെന്ന് വരികിലും രാവിലെ രണ്ട് ചിക്കൻ പൊരിച്ചതിനപ്പുറം കഴിക്കാനാവില്ലല്ലോ എന്നും ആലോചിക്കും!).

അഴിമതിക്കെതിരെ സമരം ചെയ്യുന്ന ഗാന്ധിമതികൾ ഇനിയും പരിശോധിക്കാൻ കൂട്ടാക്കാത്ത ഒരു കാര്യം ഒരു സാമൂഹിക സംവിധാനം അനീതി നിറഞ്ഞത് ആകുന്നതെങ്ങനെ എന്നതാണ്. സാമൂഹിക വ്യവസ്ഥ അനീതികളെയും അഴിമതികളെയും നിരന്തരം പുനർജനിപ്പിച്ചു കൊണ്ടേയിരിക്കുകയാണെങ്കിൽ അതിനെ മാറ്റുകയാണാദ്യം വേണ്ടത് എന്നംഗീകരിക്കേണ്ടി വരും. അങ്ങനെ വന്നാൽ അത് കമ്മ്യൂണിസ്റ്റുകാർക്ക് പ്രോത്സാഹനമായിപ്പോകുമോ എന്നവർ ഭയപ്പെടുന്നു. (മരണാനന്തരം നരകത്തിൽ പോകാൻ ഒരു ഗാന്ധിയനും ആഗ്രഹിച്ചു കൂടാ!). വ്യവസ്ഥിതി മാറുന്നതു വരെ അഴിമതി തുടരുമെന്ന കമ്മ്യൂണിസ്റ്റ് ന്യായവാദങ്ങളിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്നു പോലും ആലോചന പാടില്ല. പലപ്പോഴും ജനാധിപത്യ വിരുദ്ധം പോലും ആയിത്തീരുന്ന ഉണ്ണാവ്രതങ്ങളിലൂടെ സാമൂഹികതയെ ബാധിച്ചിട്ടുള്ള ആന്തരിക വ്യാധികൾ ചികിത്സിച്ചു മാറ്റാം എന്ന



**ഒരുപാട് ചോദ്യങ്ങൾ ചോദിച്ചും ഉത്തരങ്ങൾകണ്ടെത്തിയും മാത്രമേ ബലവും മൂല്യബോധവുമുള്ള ഒരു പൗരസമൂഹത്തെ രൂപപ്പെടുത്താനാകൂ. ആറുവരിപ്പാതകളും സ്വകാര്യവിമാനത്താവളങ്ങളും സ്വാശ്രയ വിദ്യാഭ്യാസവുമൊക്കെ ബഹിഷ്കരിച്ച് സാധാരണമനുഷ്യർ എങ്ങനെ മുന്നോട്ടു പോകും...? ഒറ്റപ്പെട്ട മനുഷ്യർക്ക് സാമൂഹിക മനോഭാവങ്ങളിൽ നിന്ന് കുതറി മാറാൻ കഴിഞ്ഞെന്നാൽ അത് സാമൂഹിക വ്യവസ്ഥയിൽ എന്ത് മാറ്റങ്ങളാണുണ്ടാക്കുക....?**

വർ കരുതുന്നു.

ഏതുതരം ഗാന്ധിയന്മാരാണ് സമരനായകർ? ഏതോ സാധുക്കൾ തുന്നിയ തൂവെള്ള ഖാദിയണിഞ്ഞ്, പച്ചക്കറി ബ്രാഹ്മണരായി നടന്നാൽ ഗാന്ധിസമാകുമെന്ന് അവർ കരുതുന്നു. വെള്ളയൊഴികെ ഒരു നിറവും അവർക്ക് സ്വീകാര്യമല്ല. മടക്കി വയ്ക്കുന്ന കോളർ ഉള്ള ഷർട്ട് ആഢംബരമാണെന്നും അവർ പറയും! പക്ഷേ നഗര ഹൃദയങ്ങളിൽ ഭരണകൂടം സൗജന്യമായി നൽകിയ ബഹുനില മന്ദിരങ്ങളിൽ ലൊട്ടു ലൊടുക്കു കച്ചവടം നടത്തിയും പുസ്തകം വിറ്റ് കാശുണ്ടാക്കിയും ഭേദപ്പെട്ട വീടുകൾ കെട്ടിപ്പൊക്കി ആധുനിക സൗകര്യങ്ങൾ വിലയ്ക്കു വാങ്ങിയും ഗാന്ധിയെ പട്ടാപ്പകൽ താറടിക്കുന്നവരാണ് ഇവരിലേറെയും പേർ. ഗാന്ധി അവർക്ക് ഒരു പ്രതിമയോ വഴിപ്പേരോ നാണയമുദ്രയോ സമാധിസ്ഥലമോ മാത്രം!

അനീതി നിറഞ്ഞ സാമൂഹിക വ്യവസ്ഥകളുടെ തുടർച്ചയിൽ നൂറ്റാണ്ടുകളായി ദുരിതം അനുഭവിക്കുന്ന സാധാരണ മനുഷ്യർക്ക് മെച്ചപ്പെട്ട ജീവിതം ഉണ്ടാക്കുകയെന്നത് ഇവർക്ക് പരിഗണനാവിഷയം പോലുമല്ല. തൂവെള്ളയെന്നല്ല, വസ്ത്രം പോലും ആഢംബരമായിപ്പോകുന്ന അടിമ വേലക്കാരുടെ ജാതി എന്തെന്നറിഞ്ഞിട്ടു മാത്രമേ ഗാന്ധിയന്മാർ അവരോട് തുടർന്ന് സംസാരിക്കാൻ കൂട്ടാക്കുകയുള്ളു. സമരം ഇവർക്ക് സ്വന്തം ധാർമികത പ്രദർശിപ്പിക്കാനുള്ള വേദി മാത്രം. ടെലിവിഷൻ ക്യമറക്കണ്ണുകളിലാണ് നോട്ടമത്രയും. ഇതിലൂടെ നേടുന്ന സാമൂഹികാംഗീകാരം കൂടുതൽ സർക്കാർ പ്രോജക്ടുകൾ നേടിയെടുക്കാനും രാഷ്ട്രീയക്കാരും പത്രക്കാരും മതപ്രമാണിമാരുമായി ചങ്ങാത്തത്തിലാകുന്നതിനും പ്രയോജനപ്പെടുമെന്ന് ഇവർക്ക് നന്നായറിയാം. സ്വകാര്യ ഇംഗ്ലീഷ് മീഡിയം പള്ളിക്കൂടങ്ങളിൽ നിന്നു വന്ന അമുൽശിശുക്കളെ പ്രദർശന വസ്തുക്കളാക്കിയും ആത്മീയ അഴിമതിക്കാരുടെ കണ്ണു പൊട്ടിയ ആരാധക വൃന്ദങ്ങളെ ആട്ടി തെളിയിച്ചും സിവിൽ സൊസൈറ്റി പൊങ്ങച്ചക്കാരുടെ അന്ത:സ്സാര ശൂന്യമായ സദ്ഭാവനാ നാട്യങ്ങളെ വില്പനയ്ക്കുവച്ചുമാണ് സമരം ലൈവ് ആക്കി മാറ്റുന്നത്.

സർക്കാർ നികുതി പിരിക്കുന്ന പണം തിരിച്ചൊഴുകുന്നതു എങ്ങോട്ടണ്...? അന്തർദേശീയ മുതലാളിമാർക്ക് തോന്നും പോലെ എണ്ണയ്ക്കും ടെലിഫോൺ – ഇന്റർനെറ്റ് സേവനങ്ങൾക്കും വില കൂട്ടാൻ അനുമതി കൊടുക്കുന്നതിലൂടെ എങ്ങനെയാണ് രാഷ്ട്രീയ നേതൃത്വം ജനങ്ങളുടെ പ്രതിപക്ഷത്താകുന്നത്..? എങ്ങനെയാണ് നികുതിയും വിലക്കയറ്റവും അഴിമതിയും സർക്കാർ ശമ്പള വിതരണവും ദാനധർമ്മങ്ങളുമൊക്കെ സാമൂഹിക വ്യവസ്ഥയിലെ ബഹുതല ചൂഷണ സംവിധാനങ്ങളെ അരക്കിട്ടുറപ്പിക്കുന്നത്...? എങ്ങിനെയാണ് എന്റെ അധ്വാനം 'മറ്റവൻ' വിലക്കെടുക്കുന്നത്..? എങ്ങനെയാണ് പൊതുവിഭവങ്ങൾക്കു മേലും പ്രകൃതിയുടെ മേലും എനിക്ക് അധികരം കുറയുകയും മറ്റവൾക്ക് കൂടുകയും ചെയ്യുന്നത്...? എങ്ങനെയാണ് അക്ഷരജ്ഞാനമില്ലായ്മ ദാരിദ്ര്യത്തിന്റെ പര്യായമാകുന്നത്...? എങ്ങിനെയാണ് പത്രാസുള്ളതും അല്ലാത്തതുമായ തൊഴിലുകൾ ഉണ്ടാകുന്നത്...? എങ്ങിനെയാണ് അധികാരശ്രേണികൾ നിലനിർത്തപ്പെടുന്നത്...? സിവിൽ സമൂഹ പ്രതിനിധികൾ എന്ന പേരിൽ പ്രശസ്തിയും അധികാരവും ലക്ഷ്യമിടുകയും അധികാരികളെ വാഴിച്ചെടുക്കുകയും ചെയ്യുന്നതു നീതിയുക്തമായ സാമൂഹിക ബന്ധങ്ങളിലേക്ക് വഴി തെളിക്കുന്നതെങ്ങനെയാണ്..?

ഇത്തരം ഒരുപാട് ചോദ്യങ്ങൾ ചോദിച്ചും ഉത്തരങ്ങൾ കണ്ടെത്തിയും മാത്രമേ ബലവും മൂല്യബോധവുമുള്ള ഒരു പൗരസമൂഹത്തെ രൂപപ്പെടുത്താനാകൂ. ആറുവരിപ്പാതകളും സ്വകാര്യവിമാനത്താവളങ്ങളും സ്വാശ്രയ വിദ്യാഭ്യാസവുമൊക്കെ ബഹിഷ്കരിച്ച് സാധരണമനുഷ്യർ എങ്ങനെ മുന്നോട്ടു പോകും...? ഒറ്റപ്പെട്ട മനുഷ്യർക്ക് സാമൂഹിക മനോഭാവങ്ങളിൽ നിന്ന് കുതറി മാറാൻ കഴിഞ്ഞെന്നാൽ അത് സാമൂഹിക വ്യവസ്ഥയിൽ എന്ത് മാറ്റങ്ങളാണുണ്ടാക്കുക....? ഒറ്റപ്പെട്ട വ്യക്തികളുണ്ടോ? അഥവാ മന:സ്ഥിതികൾ രൂപപ്പെടുന്നതെങ്ങനെയാണ്...?

സ്വിറ്റ്സർലന്റിലോ ഇന്ത്യൻ ബാങ്കുകളിലോ സോഫ്ട് കറൻസിയായി നിക്ഷേപിക്കപെട്ടിട്ടുള്ള കള്ളപ്പണത്തിനോ സാമൂഹികജീവിതത്തിലെ പദവികൾക്കോ മൂല്യം നിർണ്ണയിക്കപ്പെടുന്ന സാമൂഹികവ്യവസ്ഥ നിലനിർത്തപ്പെടുന്നതിൽ മനസ്ഥിതികൾ എന്ത് പങ്കാണ് വഹിക്കുന്നത്?

(തലക്കെട്ടിന് കടപ്പാട് 'ഗാന്ധിയൻസ് ഇൻ ബ്ലൂ ജീൻസ്' എന്ന വിജയ്.എൻ. ശങ്കറിന്റെ പുസ്തകത്തോട്)